# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 03/ 06/ 2021

## തോക്ക് ചൂണ്ടി ഭീഷണിപ്പെടുത്തി വധശ്രമം നടത്തിയ നിരവധി കേസുകളിലെ പ്രതി ഗുണ്ടാ നിയമ പ്രകാരം അറസ്റ്റിൽ

കൊല്ലം : നിരവധി ക്വട്ടേഷൻ പ്രവർത്തനങ്ങളിലൂടെ കൊല്ലം ആലപ്പുഴ ജില്ലകളിലെ ജനങ്ങളുടെ സൈ്വര്യ ജീവിതത്തിന് ഭീഷണിയായി മാറിയ സ്ഥിരം കുറ്റവാളി കാപ്പാ പ്രകാരം കരുതൽ തടങ്കലിൽ. കൊലപാതക ശ്രമങ്ങൾ, തോക്ക് ചൂണ്ടി ആക്രമിക്കൽ, ആയുധം കൊണ്ട് ദേഹോപദ്രവം ഏൽപ്പിക്കൽ, ഭീഷണിപ്പെടുത്തൽ, ഇരകളെ മാരകമായി മുറിവേൽപ്പിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് വന്നിരുന്ന കൊല്ലം ജില്ലയിൽ, കരുനാഗപ്പള്ളി താലൂക്കിൽ,



പുതുക്കാട്ട് കിഴക്കതിൽ വീട്ടിൽ മോഹനൻ മകൻ പങ്കജ് (29)

ഓച്ചിറ വില്ലേജിൽ ചങ്ങൻകുളങ്ങര മുറിയിൽ പുതുക്കാട്ട് കിഴക്കതിൽ വീട്ടിൽ മോഹനൻ മകൻ പങ്കജ് (29) എന്നയാളെ കാപ്പാ ചുമത്തി ജയിലിലടച്ചു. കരുനാഗപ്പള്ളി, കായംകുളം, കരീലക്കുളങ്ങര, ഓച്ചിറ, വള്ളിക്കുന്നം തുടങ്ങി നിരവധി പോലീസ് സ്റ്റേഷനുകളിൽ ക്വട്ടേഷൻ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് വരുന്നയാളാണ് പ്രതിയെന്ന് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ്സ് പറഞ്ഞു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ തോക്ക് കാണിച്ച് ഭീഷണിപ്പെടുത്തി വധശ്രമം നടത്തിയതിനെ തുടർന്ന് ഒളിവിൽ പോയ ഇയാൾ ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ വാഹനം ഇടിച്ചിട്ട് ആക്രമിച്ച കേസിലും ഉൾപ്പെട്ടതിനെ തുടർന്നാണ് ഇയാൾക്കെതിരെ കപ്പാ പ്രകാരം നടപടി സ്വീകരിച്ചത്. കരുനാഗപ്പള്ളി, എറണാകുളം, ആലപ്പുഴ, ഉളിയക്കോവിൽ, ചാത്തന്നൂർ, ആറാട്ടുപുഴ തുടങ്ങി നിരവധി സ്ഥലങ്ങളിൽ ഒളിവിൽ താമസിച്ച് വന്ന ഇയാൾ ഓച്ചിറയിൽ രഹസ്യ സന്ദർശനം നടത്തുന്നതായി ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പിടിയിലായത്. ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ ബി. അബ്ദുൽ നാസർ ഐ.എ.എസ്സ് ഇയാൾക്കെതിരെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചത്. സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ എസ്സ്.വൈ സുരേഷ്, ഓച്ചിറ ഇൻസ്പെക്ടർ ആർ. പ്രകാശ്, സ്പെഷ്യൽ ബ്രാഞ്ച് എസ്സ്.ഐ ജയകുമാർ. ആർ, എ. എസ്സ്. ഐ ബൈജു ജെറോം, എസ്സ്. സി.പി. ഓ മാരായ സജു, സീനു, മനു, രിപു, രതീഷ് എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്. ജനങ്ങളുടെ സൈ്വര്യ ജീവിതത്തിന് വിഘാതം നിൽക്കുന്നവർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ അറസ്റ്റുകൾ തുടർന്നും ഉണ്ടാവുമെന്നും കാപ്പാ നിയമ പ്രകാരം നിലവിൽ പതിനൊന്ന് പേർ വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുന്നതായും ജില്ലാ പോലീസ് മേധാവി അറിയിച്ചു.